പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5040 — 06.02.2014 -ൽ മറുപടിക്ക്

## സംസ്ഥാനത്തെ ബാറുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബാബു എം. പാലിശ്ശേരി<br>„ പി. റ്റി. എ. റഹീം<br>„ കെ. കുഞ്ഞിരാമൻ (ഉദുമ)<br>„ സി. കെ. സദാശിവൻ | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |
| (എ) നിയമവിരുദ്ധമായി സംസ്ഥാനത്ത് ബാറുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ; | (എ) സംസ്ഥാനത്ത്, നിയമവിരുദ്ധമായി ബാറുകൾ പ്രവർത്തിക്കുന്നില്ല. |
| (ബി) അനധികൃതമായി പ്രവർത്തിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ട ഏതെങ്കിലും ബാറുകളെ നിയമവിധേയമാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ; | (ബി) അനധികൃതമായി ഒരു ബാർ ഹോട്ടലും പ്രവർത്തിക്കുന്നില്ല. |
| (സി) നിലവിൽ നിയമവിധേയമായി പ്രവർത്തിച്ചു വരുന്ന ബാറുകൾ എത്ര; അനധികൃതമായി കണ്ടെത്തിയവ എത്ര; ഈ സർക്കാർ ലൈസൻസ് പുതുക്കി നൽകിയ ബാറുകൾ എത്ര; പരിഗണനയിലിരിക്കുന്ന ബാറിനുള്ള അപേക്ഷകൾ എത്ര എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ? | (സി) സംസ്ഥാനത്ത്, 740 ബാർ ഹോട്ടലുകൾ പ്രവർത്തിച്ചു വരുന്നു. അനധികൃതമായി ബാർ ഹോട്ടലുകൾ ഒന്നും പ്രവർത്തിക്കുന്നില്ല. ഈ സർക്കാർ, 2013-14 വർഷം, 739 ബാർ ഹോട്ടലുകളുടെ ലൈസൻസ് പുതുക്കി നൽകുകയും, ഒരു ഹോട്ടലിന് പുതുതായി ബാർ ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ ബാർ ലൈസൻസിനായി അപേക്ഷകളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ